# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 6**

---

## ഭക്ഷ്യ സുരക്ഷാ ബോധവത്കരണ പരിപാടി ഇന്ന്

ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയും കോട്ടയം ജില്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസും സംയുക്തമായി സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടി ഇന്ന്(ജൂൺ 7) നടക്കും.

സ്കൂൾ ഓഫ് ബയോസയൻസ് ഓഡിറ്റോറിയത്തിൽ രാവിലെ പത്തിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ സി.ആർ. രൺദീപ് ആമുഖ പ്രഭാഷണം നടത്തും.

രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, കോ ഓർഡിനേറ്റർ ഡോ. അനൂജ തോമസ്, ഡോ. ഇ.വി. രാമസ്വാമി, ഫുഡ് സേഫ്റ്റി സൊല്യൂഷൻസ് ഇന്റർനാഷണൽ ജനറൽ മാനേജർ ടി.ആർ. അനന്തനാരായണൻ എന്നിവർ സംസാരിക്കും.

(പി.ആർ.ഒ/39/433/2024)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ എൽഎൽബി (2012 മുതൽ 2015 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി 2023 നവംബർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂൺ 20വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.

........................................

രണ്ടാം സെമസ്റ്റർ എംഎസ്സി സൈക്കോളജി(സപ്ലിമെന്ററി ഓഗസ്റ്റ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/434/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് വിഷൽ മീഡിയ ആന്റ് ഫിലിം മേക്കിംഗ്(2021 അഡ്മിഷൻ റഗുലർ പുതിയ സ്കീം മെയ് 2024) പരിക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ

ജൂൺ 12, 13 തീയതികളിൽ കാലടി ശ്രീശങ്കര കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/435/2024)

## പാലിയേറ്റീവ് കെയർ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ്) നടത്തുന്ന ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ- 8547165178, 8891391580. ഇമെയിൽ - iucdsmgu@mgu.ac.in.

(പി.ആർ.ഒ/39/436/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ലേണിംഗ് ഡിസെബിലിറ്റി/ ഇന്റലക്ചൽ ഡിസെബിലിറ്റി(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 21ന് ആരംഭിക്കും.

ജൂൺ പത്തുവരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി 11നും സൂപ്പർ ഫൈനോടു കൂടി 12നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/437/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**